ഇറയം റിസർച്ച് ജേർണൽ
January - April 2021 Volume V Issue I

# വിയോജിപ്പിന്റെപാഠങ്ങൾ –

## ഡോ. പ്രദീപൻ പാമ്പിരിക്കുന്നിന്റെ നോവൽ വിമർശനങ്ങളിലൂടെ ഒരു സഞ്ചാരം

**ഡോ.പി. ഉഷ**

കലയുടെയും സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും മണ്ഡലങ്ങളിൽ വരേണ്യസൗന്ദര്യശാസ്ത്രത്തിന്റെ വക്താക്കൾ അരക്കിട്ടുറപ്പിച്ച ആശയങ്ങളെ സൈദ്ധാന്തികപഠനങ്ങളിലൂടെയും പ്രായോഗികസമീപനങ്ങളിലൂടെയും അട്ടിമറിച്ച പുതിയതലമുറയിലെ ദളിത്‌വിമർശകരിൽ വളരെ ശ്രദ്ധേയനാണ് ഡോ.പ്രദീപൻ പാമ്പിരിക്കുന്ന്. ജനവിരുദ്ധമായ സവർണഭാവുകത്വത്തിന്റെ പരികല്പനകളെ ആഴത്തിൽ പരിശോധിക്കുകയും അതിലുൾച്ചേർന്നിരിക്കുന്ന കീഴാളസംസ്കൃതിയോടുള്ള എതിർപ്പിനെ പ്രശ്നവത്കരിക്കുകയും ചെയ്യുന്ന പഠനങ്ങളാണ് പ്രദീപൻ പാമ്പിരിക്കുന്നിന്റേത്. മുഖ്യധാരാവിമർശനം ബോധപൂർവമോ അബോധപൂർവ്വമോ ആയി അവഗണിച്ച കീഴാളജനതയുടെ ജീവിതത്തെയും കലയെയും തികഞ്ഞ രാഷ്ട്രീയബോധത്തോടെ വിശകലനവിധേയമാക്കുന്ന സവിശേഷമായ പഠനങ്ങളാണ് ഈ വിമർശകൻ നടത്തിയിട്ടുള്ളത്. വരേണ്യപാഠങ്ങളോട് കൃത്യമായി ചോദ്യങ്ങളുന്നയിക്കുകയും തന്റേതായ പാഠങ്ങളിലൂടെ ദലിത്‌വിമർശനധാരയെ മലയാളത്തിൽ ശക്തിപ്പെടുത്തുകയും ചെയ്യുന്ന ഇദ്ദേഹത്തിന്റെ പഠനങ്ങൾ അർഹിക്കുന്ന പ്രാധാന്യത്തോടെ വിലയിരുത്തപ്പെട്ടിട്ടില്ല. അങ്ങേയറ്റം സങ്കീർണ്ണവും വൈവിധ്യപൂർണവുമായ മനുഷ്യാനുഭവങ്ങളുടെ ബഹുസ്വരതയിൽ ഊന്നുന്ന വിമർശനപദ്ധതിയാണ് പ്രദീപൻ പാമ്പിരിക്കുന്ന് മുന്നോട്ടുവെച്ചത്. മുൻകാലവിമർശനപഠനങ്ങളിലൂടെ സമൂഹമനസ്സിൽ വേരുറച്ചുപോയ സങ്കല്പനങ്ങളോട് ശക്തമായി വിയോജിച്ചുകൊണ്ടാണ് ഇദ്ദേഹം തന്റെ വിമർശകജീവിതം രൂപപ്പെടുത്തിയെടുത്തത്. കൃതിയുടെ വ്യത്യസ്തപാഠങ്ങളിൽ അടങ്ങിയിട്ടുള്ള അർത്ഥങ്ങളുടെ വംശീയവും ഭാഷാപരവുമായ സവിശേഷതകൾ നിർദ്ധാരണം ചെയ്യേണ്ടത് ആധുനിക വിമർശകന്റെ ചുമതലയാണെന്ന് ഈ നിരൂപകൻ ഉറച്ചുവിശ്വസിച്ചിരുന്നു. സാഹിത്യവിമർശനത്തിന്റെ പഴയ മാനദണ്ഡങ്ങളെ ഒഴിവാക്കിക്കൊണ്ടുമാത്രമേ സംസ്കാരവിമർശനത്തിന് മുന്നേറാനാവൂ എന്ന ഉത്തമബോധ്യം ഇദ്ദേഹത്തിനുണ്ടായിരുന്നു.

അധികാരിവർഗ്ഗത്തിനും ഫാസിസ്റ്റ്മൂല്യസംഹിതയ്ക്കുമെതിരെ ശക്തമായി പ്രതികരിക്കുന്ന രീതിയിലുള്ള പഠനങ്ങളായിരുന്നു പ്രദീപൻ പാമ്പിരിക്കുന്നിന്റെ മിക്ക ലേഖനങ്ങളും. കീഴാളപ്രതിരോധം എന്ന സംജ്ഞയുടെ രാഷ്ട്രീയമായ അന്തർഗതം ശരിയായരീതിയിൽ തിരിച്ചറിഞ്ഞുകൊണ്ടാണ് തന്റെ ഓരോ പഠനങ്ങളും ഇദ്ദേഹം തയ്യാറാക്കിയത്. "ദലിത് വൈജ്ഞാനികതയുടെ പരിപ്രേക്ഷ്യവും അതു നൽകിയ വിമർശനാവബോധവുമാണ് പ്രദീപന്റെ വിചാരജീവിതത്തിന്റെ അടിത്തറ. താൻ ഇടപെട്ട സമസ്തമേഖലകളെയും ഈ വിമർശനാവബോധത്തിന്റെ സൂക്ഷ്മപ്രകാശനങ്ങളാക്കാൻ പ്രദീപന് കഴിഞ്ഞിരുന്നു. ശ്രേണീകൃതഅസമത്വം എന്ന് അംബേദ്കർ വിവരിച്ച ജാതിവ്യവസ്ഥയും അതിന്റെ മൂല്യസംഹിതയായ ബ്രാഹ്മണ്യവും പുറന്തള്ളിയ ഒരു വലിയജനതയുടെ സ്വത്വപ്രകാശനമായി തന്റെ ജീവിതത്തിന്റെ ഓരോ സന്ദർഭത്തിലും നിലകൊള്ളുകയാണ് പ്രദീപൻ ചെയ്തത്. "1 കൃതിയുടെ

സൗന്ദര്യപാഠങ്ങളിൽ മുഴുകുന്ന വിമർശനപദ്ധതികളോട് നിരന്തരം കലഹിക്കുവാൻ ഈ നിരൂപകന് കരുത്തേകിയത് ദലിത്‌വൈജ്ഞാനികത സൃഷ്ടിച്ച പുതിയ കാഴ്ചപ്പാടുകളാണ്. സവർണസൗന്ദര്യശീലങ്ങളെയും ജാതിചിന്തയുടെ സങ്കുചിതമായ മൂല്യബോധത്തെയും ഇദ്ദേഹം നിരന്തരം എതിർത്തുകൊണ്ടിരുന്നു.

ലോകത്താകെയും വിശേഷിച്ച് ഭാരതീയവും കേരളീയവുമായ ജീവിതപരിസരങ്ങളിലും സാമൂഹികസന്ദർഭങ്ങളിലും രൂപപ്പെട്ടുവന്ന വിമോചനാത്മകമൂല്യമുള്ള കീഴാളജീവിതദർശനത്തെ ധൈഷണികമായി ഏറ്റുവാങ്ങുവാനുള്ള പ്രാപ്തി സ്വന്തം ജീവിതാനുഭവങ്ങളിലൂടെ പ്രദീപൻ പാമ്പിരിക്കുന്ന് നേടിയെടുത്തിരുന്നു. അതുകൊണ്ടാണ് മുൻവിധികളില്ലാതെയും ഏകപക്ഷീയമായ വിധിതീർപ്പുകളിൽ വിശ്വസിക്കാതെയും കലയെയും സാഹിത്യത്തെയും സംഗീതത്തെയും അപഗ്രഥിക്കുവാൻ ഇദ്ദേഹത്തിനു കഴിഞ്ഞത്. ശ്രീബുദ്ധൻ , ശ്രീനാരായണഗുരു, അയ്യങ്കാളി, ഡോ.ബി.ആർ. അംബേദ്കർ , കാൾമാർക്സ്, ജ്യോതിറാവുഫൂലെ തുടങ്ങിയ ചിന്തകരുടെ ആശയങ്ങളോട് സംവദിച്ചുകൊണ്ട് തന്റെ ചിന്തകൾക്ക് പുതിയ വ്യാപ്തിനൽകാൻ ഇദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. അതിവിപുലമായ വായനയും മൗലികമായ ചിന്തകളും വേറിട്ട നിരീക്ഷണങ്ങളും പ്രദീപൻ പാമ്പിരിക്കുന്നിന്റെ ലേഖനങ്ങളെ കൂടുതൽ കരുത്തുറ്റതാക്കി. സമൂഹമനസ്സിൽ ലബ്ധപ്രതിഷ്ഠനേടിയതും പ്രാമാണികവുമായ പല ആശയങ്ങളും ജനാധിപത്യവിരുദ്ധവും ഏകപക്ഷീയവുമായിരുന്നുവെന്ന് ചൂണ്ടിക്കാട്ടുന്ന ഒട്ടേറെ പഠനങ്ങൾ ഇദ്ദേഹത്തിൽനിന്ന് മലയാളവിമർശനത്തിന് കൈവന്നിട്ടുണ്ട്. പ്രദീപൻ പാമ്പിരിക്കുന്നിന്റെ നോവൽ പഠനങ്ങളെ മുൻനിർത്തി ഈ വസ്തുത പരിശോധിക്കുകയാണ് ഇവിടെ ചെയ്യുന്നത്.

ലക്ഷണമൊത്ത ആദ്യത്തെ മലയാളനോവലായി വാഴ്ത്തപ്പെട്ട 'ഇന്ദുലേഖ' യെയും സവർണജ്ഞാനരൂപങ്ങളെ ചോദ്യം ചെയ്ത 'സരസ്വതീവിജയ' ത്തെയും ആഴത്തിൽ അപഗ്രഥിച്ചശേഷം പ്രദീപൻ പാമ്പിരിക്കുന്ന് എത്തിച്ചേർന്ന നിരീക്ഷണങ്ങൾ സാമ്പ്രദായിക വിമർശനസമീപനങ്ങളുടെ പരിമിതി വ്യക്തമാക്കുന്നതാണ്. ഇന്ദുലേഖ മുന്നോട്ടുവെച്ച സൗന്ദര്യദർശനത്തിന്റെ സ്വഭാവം കൃത്യമായി വിലയിരുത്തുവാൻ ഈ വിമർശകന് സാധിച്ചിട്ടുണ്ട്. "മണിപ്രവാളസംസ്കാരം സൃഷ്ടിച്ചിട്ടുള്ളതും ലൈംഗികതയിലൂന്നിയിട്ടുള്ളതുമായ ജ്ഞാനസൗന്ദര്യവ്യവഹാരങ്ങൾ , സ്ത്രീകളെ കാഴ്ച്ചയുടെ ഇരയാക്കുന്ന സൗന്ദര്യവീക്ഷണം, കേരളത്തിലെ മുഖ്യവിഭവശക്തിയായിത്തീരുന്ന നായർ ആഭിജാത്യത്തിന്റെ സ്വാംശീകരണം, കൊളോണിയൽ സാധ്യതകൾക്കുമുന്നിൽ സ്വയം തലകുനിക്കുവാൻ സന്നദ്ധമാകുന്ന രാഷ്ട്രീയവിധേയത്വം, ഇവയോടൊപ്പം ചരിത്രനിരപേക്ഷമായ വെളുത്തവർണബോധം ( colour sense), അധ്വാനത്തെയോ സവർണേതരസാമൂഹിക ജീവിതത്തെയോ സ്പർശിക്കാത്ത നോവലിന്റെതന്നെ വരേണ്യഘടന ഇവയൊക്കെയും ചേർന്ന് രൂപീകരിക്കുന്നതാണ് ഇന്ദുലേഖയുടെ പരിവേഷം. "2 പത്തൊൻപതാം നൂറ്റാണ്ടിന്റെ സവിശേഷസാഹചര്യങ്ങളോട് ഇന്ദുലേഖയും സരസ്വതീവിജയവും എങ്ങനെ പ്രതികരിച്ചുവെന്ന് ധിഷണാശാലിയായ ഒരു സാമൂഹ്യനിരീക്ഷകന്റെ ഉൾക്കാഴ്ചയോടെ പഠിക്കുവാൻ പ്രദീപൻ പാമ്പിരിക്കുന്നിന് സാധിച്ചുവെന്ന് 'സരസ്വതീവിജയവും നിരൂപണത്തിന്റെ പ്രത്യയശാസ്ത്രവും' എന്ന ലേഖനം വിലയിരുത്തുമ്പോൾ ബോധ്യമാവുന്നു. സരസ്വതീവിജയം സൃഷ്ടിച്ച പുതിയ ജ്ഞാനവ്യവഹാരത്തെ ഉൾക്കൊള്ളാൻ കഴിയുന്ന ഒരു സാംസ്കാരിക പൊതുമണ്ഡലത്തിന്റെ അഭാവത്തെക്കുറിച്ച് ഈ പഠനത്തിൽ സൂചനയുണ്ട്. സംവാദമുക്തമായ അതിഭൗതികതലത്തിലാണ്

പൊതുസമൂഹം ജ്ഞാനസൗന്ദര്യങ്ങളെ പ്രതിഷ്ഠിച്ചിരുന്നത് എന്ന വിമർശനവും ഇദ്ദേഹം ഉന്നയിക്കുന്നുണ്ട്. കൊളോണിയൽ മൂല്യങ്ങളുടെ സ്വാംശീകരണമാണ് ഇന്ദുലേഖയുടെയും സരസ്വതീവിജയത്തിന്റെയും പൊതുപ്രമേയം എന്ന തന്റെ നിലപാട് അദ്ദേഹം സ്ഥാപിക്കുന്നുണ്ട്. തുടർന്ന് നിരൂപകൻ ഇന്ദുലേഖക്ക് കൈവന്ന അഭിജാതമായ സൗന്ദര്യപരിവേഷത്തിന്റെയും സരസ്വതീവിജയത്തിന് നേരിടേണ്ടിവന്ന അവഗണനയുടെയും കാരണങ്ങളിലേക്ക് ആഴത്തിൽ പ്രവേശിക്കുന്നു. സരസ്വതീവിജയത്തിന്റെ നേർക്ക് മലയാളപൊതു മണ്ഡലം പുലർത്തിയ അവഗണനയ്ക്ക് പിന്നിൽ പ്രവർത്തിച്ച രാഷ്ട്രീയതാത്പര്യം സവർണ പ്രത്യയശാസ്ത്രത്തിന്റേതാണെന്ന് ഇദ്ദേഹം ശക്തിയുക്തം സ്ഥാപിക്കുന്നുണ്ട്. "സാമൂഹിക പ്രതിബദ്ധതയെ സംബന്ധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാൽവെപ്പായിരുന്നു 'സരസ്വതീ വിജയ ' ത്തിന്റേത്. ആനന്ദാനുഭൂതിയിൽ നിന്ന് അപഗ്രഥനത്തിലേക്കും സവർണ/ധനികരിൽനിന്ന് കീഴാള/ദരിദ്രരിലേക്കും അത് രചനാകേന്ദ്രത്തെ മാറ്റി സ്ഥാപിച്ചു. "3 സരസ്വതീവിജയത്തിന്റെ വിമോചനാത്മക മൂല്യത്തെ ഇത്ര കൃത്യമായി മറ്റൊരു വിമർശകനും ചൂണ്ടിക്കാട്ടിയിട്ടില്ല. നിസ്സഹായമായ ഒരു ജനത വിദ്യാഭ്യാസത്തിലൂടെ അധികാരത്തിലെത്തുന്നതിന്റെ ആവിഷ്കാരമായ സരസ്വതീവിജയം നിശബ്ദമാക്കപ്പെടുകയും ഇന്ദുലേഖ ആഘോഷിക്കപ്പെടുകയും ചെയ്തതിന്റെ സാമൂഹിക പശ്ചാത്തലം അത് സവർണരുടെ സാംസ്കാരികപ്രതിസന്ധി പരിഹരിച്ചതിനാലാണെന്ന നിരീക്ഷണവും പുതുമയാർന്നതാണ്. സവർണലക്ഷണമൊത്ത നോവലായി ഇന്ദുലേഖ മാറിത്തീർന്നതായും സംസ്കൃതം , ഇംഗ്ലീഷ് എന്നീ രണ്ടു വരേണ്യതകൾ തമ്മിലുള്ള പകരംവെക്കലുകൾ മാത്രമാണ് ഇന്ദുലേഖയുടെ ആന്തരപ്രശ്നമെന്നും അദ്ദേഹം പറഞ്ഞുവെക്കുന്നുണ്ട്. ബ്രാഹ്മണികമൂല്യവും കൊളോണിയൽ മൂല്യവും എപ്രകാരം സമരസപ്പെടുന്നുവെന്ന് വ്യക്തമാക്കിക്കൊണ്ട് ബഹുസ്വരതയുടെ പാഠങ്ങൾ നോവലിൽനിന്നും കണ്ടെടുക്കുന്ന മികച്ച ലേഖനമാണ് 'സരസ്വതീവിജയവും നിരൂപണത്തിന്റെ പ്രത്യയശാസ്ത്രവും.'

കെ.പി.രാമനുണ്ണിയുടെ 'ജീവിതത്തിന്റെ പുസ്തകം' എന്ന ആഖ്യായികയുടെ സൂക്ഷ്മമായ വായനയുടെ ഫലമാണ് 'അബോധകാമനകളുടെ അജ്ഞാതദേശങ്ങൾ ' എന്ന ലേഖനം. തകഴിയുടെ 'ചെമ്മീൻ' എന്ന വിഖ്യാതനോവലിൽ ആവിഷ്കൃതമായ കടപ്പുറവും കെ.പി.രാമനുണ്ണിയുടെ ജീവിതത്തിന്റെ പുസ്തകം എന്ന നോവലിലെ കടപ്പുറവും മൗലികമായി എങ്ങനെ വേറിട്ടുനിൽക്കുന്നുവെന്ന് ചൂണ്ടിക്കാട്ടിക്കൊണ്ടാണ് പ്രദീപൻ പാമ്പിരിക്കുന്ന് പഠനമാരംഭിക്കുന്നത്. കടലിനെയും കടപ്പുറത്തെയും സംബന്ധിച്ച് മലയാളിയുടെ മനസ്സിൽ രൂഢമൂലമായ സങ്കല്പനത്തെക്കുറിച്ചുള്ള തന്റെ നിലപാട് വിമർശകൻ ഈ ലേഖനത്തിൽ സുവ്യക്തമാക്കിയിട്ടുണ്ട്. "നിഷ്കളങ്കതയുടെയും നൈസർഗികതയുടെയും ഇരിപ്പിടമായാണ് കടലോരം നമ്മുടെ സാഹിത്യത്തിൽ നിർമ്മിക്കപ്പെടുന്നത്. അനാഗരികതയുടെ നന്മയായാണ് ഇത് സ്വരൂപിക്കപ്പെടുക. കടലിനെയും കടപ്പുറത്തെയും സംബന്ധിച്ച് വസ്തുനിഷ്ഠമായ ആവിഷ്കാരങ്ങളേക്കാൾ മിത്തുകളും നിയമങ്ങളും വിശ്വാസങ്ങളുംകൊണ്ട് കാൽപനികമാക്കപ്പെട്ട ഭാവനാലോകമാണത്. "4 ചെമ്മീനിലെ കടപ്പുറജീവിതത്തെക്കുറിച്ചുള്ള വിവരണം സൂചിപ്പിച്ചുകൊണ്ട് ഈ ആശയം വിശദീകരിക്കുന്നുമുണ്ട് വിമർശകൻ. നാഗരികമായ ഒരു കടപ്പുറജീവിതം നമ്മുടെ സാഹിത്യത്തിലുണ്ടാവാത്തതിന് ഇദ്ദേഹം ചൂണ്ടിക്കാട്ടുന്ന കാരണവും ഏറെ ശ്രദ്ധേയമാണ്. നാഗരികനായ ആധുനികമനുഷ്യനെ അനാഗരികത ആകർഷിക്കുന്നു എന്ന യാഥാർത്ഥ്യത്തെ അടിസ്ഥാനമാക്കിയാണ് അദ്ദേഹം തന്റെ കാഴ്ചപ്പാട് വ്യക്തമാക്കുന്നത്. ജീവിതത്തിന്റെ പുസ്തകം എന്ന നോവലിന്റെ

വ്യതിരിക്തതയിലേക്ക് ഈ കാഴ്ചപ്പാടിനെ ചേർത്തുവെക്കുവാനും പ്രദീപൻ പാമ്പിരിക്കുന്നിന് കഴിയുന്നുണ്ട്. "നാഗരികതയുടെ മടുപ്പിക്കുന്ന യാന്ത്രികതയിൽനിന്ന് പ്രാകൃതമായ കാർണിവൽ ജീവിതത്തിലേക്കുള്ള പലായനത്തിന് നാഗരികന് ലഭിക്കാവുന്ന ഏറ്റവും അടുത്ത സ്ഥലം കടപ്പുറമാണെന്നതിനാലാണ് ജീവിതത്തിന്റെ പുസ്തകത്തിലെ ബാങ്ക് ഓഫീസറും ഗൈനക്കോളജിസ്റ്റിന്റെ ഭർത്താവും ഹോളി ഏയ്ഞ്ചൽസിൽ പഠിക്കുന്ന കുട്ടിയുടെ അച്ഛനുമായ ഗോവിന്ദവർമ്മരാജ അതിയന്നൂർ കടപ്പുറത്ത് അബോധത്തിൽ പതിക്കുന്നത്. നാഗരികന്റെ ഉപബോധത്തിന്റെ പൂർത്തീകരണമായിരുന്നു ഈ പ്രാകൃതത്വത്തിലേക്കുള്ള മടക്കം. "5 കഥാനായകനെ ബാധിച്ച മറവിരോഗത്തെയും ഈ പ്രാകൃതത്വത്തിലേക്കുള്ള മടക്കത്തെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് മനഃശാസ്ത്രപരമായ അന്വേഷണത്തിനും വിമർശകൻ അവസരമൊരുക്കുന്നുണ്ട്. ചെമ്മീൻ വിമർശനത്തിന്റെ ചരിത്രപരമായ പ്രാധാന്യത്തെ ഉൾക്കൊള്ളുന്ന നിരീക്ഷണങ്ങളും ഈ ലേഖനത്തിന്റെ കരുത്ത് വർദ്ധിപ്പിക്കുന്നുണ്ട്. കടലോരജീവിതത്തെക്കുറിച്ചുള്ള കാല്പനികപാഠങ്ങളുടെ പൊള്ളത്തരത്തെ തുറന്നുകാണിക്കുന്ന പഠനം കൂടിയാണിത്. ജീവിതത്തിന്റെ പുസ്തകത്തിലെ രതിവർണ്ണനകളെയും ജൈവകാമനകളെയും പ്രാകൃതഗോത്രജീവിതത്തിന്റെ ഭാഗമായി വായിച്ചെടുക്കുവാനും വിമർശകൻ ശ്രമിക്കുന്നുണ്ട്. പരമ്പരാഗതമായ സദാചാരമൂല്യങ്ങളെയും യൂറോപ്യൻ മൂല്യവ്യവസ്ഥകളെയും ജീവിതത്തിന്റെ പുസ്തകം അട്ടിമറിക്കുന്നതായി വിമർശകൻ കണ്ടെത്തുന്നുണ്ട്. കർമപരമ്പരകളുടെയും ജന്മാന്തരങ്ങളുടെയും അനാദിയായ ജീവപ്രവാഹത്തിന്റെയും മറ്റും കഥയായി ഈ നോവലിനെ അടയാളപ്പെടുത്തുക വഴി സദാചാരചിന്തയിലധിഷ്ഠിതമായ വിമർശനപദ്ധതിയോടുള്ള തന്റെ വിയോജിപ്പ് പ്രകടമാക്കുകയാണ് വിമർശകൻ ചെയ്യുന്നത്.

കേരളീയനവോത്ഥാനചരിത്രത്തിൽ എന്തുകൊണ്ടും പ്രാതഃസ്മരണീയനായ ശ്രീനാരായണഗുരുവിന്റെ ചിന്താലോകത്തോട് യോജിച്ചും വിയോജിച്ചും മുന്നേറുന്ന ഒരു സമീപനമാണ് പ്രദീപൻ പാമ്പിരിക്കുന്നിനുണ്ടായിരുന്നത്. എം.കെ. ഹരികുമാറിന്റെ 'ശ്രീനാരായണായ' എന്ന ആഖ്യായികയുടെ പഠനത്തിൽ ഈ യാഥാർത്ഥ്യം വ്യക്തമാവുന്നുണ്ട്. ഗുരുദേവന്റെ ദൈവികഭാവത്തേക്കാൾ മാനുഷികഭാവത്തിന് പ്രാധാന്യം കല്പിക്കുന്ന നോവലാണ് ശ്രീനാരായണായ എന്നാണ് അദ്ദേഹത്തിന്റെ പ്രധാന കണ്ടെത്തൽ. ശ്രീനാരായണഗുരുവിന്റെ ജീവിതം നല്കുന്ന സാരസന്ദേശമെന്താണെന്ന ചോദ്യത്തിന് വിമർശകൻ നല്കുന്ന ഉത്തരം ചരിത്രനിഷ്ഠമായ ഒന്നാണ്. "നാരായണഗുരു പല്പുവിൽ നിന്ന് പാശ്ചാത്യാധുനികതയുടെ വെളിച്ചം സ്വീകരിച്ചുവെന്നും നമുക്ക് സന്യാസം തന്നത് ബ്രിട്ടീഷുകാരാണ് എന്ന് ഏറ്റു പറഞ്ഞുവെന്നതും ഏതു പുതുവെളിച്ചങ്ങളെയും തുറന്നമനസ്സോടെ സ്വീകരിക്കാനുള്ള ഉദാരത അദ്ദേഹത്തിനുണ്ടായിരുന്നുവെന്നതിന്റെ തെളിവുകൾ കൂടിയാണ്. വേദാന്തത്തെ ആധുനികജ്ഞാനരൂപമാക്കുന്നതിൽ ഗുരു വിജയിച്ചു. എന്നാൽ അതൊരു അന്ധമായ വിധേയത്വമായിരുന്നില്ല. തന്റെ ബോദ്ധ്യങ്ങൾകൊണ്ട് അദ്ദേഹം ആധുനികജ്ഞാനരൂപങ്ങളെ പ്രശ്നഭരിതമാക്കുന്നുണ്ട്."6 ശ്രീനാരായണദർശനത്തെ ആഴത്തിൽ വിലയിരുത്തുന്ന പഠനമായി നോവൽ പഠനം മാറുന്നുണ്ട്. നോവലിന്റെ ഉത്തരാധുനികസ്വഭാവത്തെ ഈ വിമർശകൻ കൃത്യമായി തിരിച്ചറിയുന്നുമുണ്ട്. "ഹരികുമാർ ആഖ്യാനത്തിൽ സ്വീകരിച്ച ഈ ഉത്തരാധുനികസമീപനം ബഹുസന്ദർഭങ്ങളുടെ സംഘാതമായിരുന്ന നാരായണഗുരുവിന്റെ കാലത്തിനു ചേരുന്നതുതന്നെ.

ദലിതർക്കുവേണ്ടി ആത്മബോധത്തിന്റെ വില്ലുവണ്ടി ഓടിച്ച അയ്യങ്കാളി , മതപരിവർത്തനത്തിന്റെ വിവേചനമുയർത്തിയ പൊയ്കയിൽ കുമാരഗുരു , ചട്ടമ്പിസ്വാമികൾ, സഹോദരൻ അയ്യപ്പൻ , ഡോ. പല്പു , കോളനി ആധുനികത , ദേശീയപ്രസ്ഥാനം, ഗാന്ധിജി, വി.ടി, കുമാരനാശാൻ ഇങ്ങനെ ബഹുസ്വരാത്മകമായ ശബ്ദങ്ങൾ ഗുരുവിൽ ചേരുകയും ഗുരുവിൽനിന്ന് സ്വീകരിക്കുകയും ചെയ്യുന്ന ജ്ഞാനവിസ്ഫോടനത്തിന്റെ കാലം. അതിന്റെ സാന്ദ്രഗംഭീരത മുഴുവൻ ഹരികുമാർ നോവൽ ഘടനയിലേക്ക് ആവാഹിച്ചിട്ടുണ്ട്. "7 ആത്മീയദർശനത്തിന്റെ സവിശേഷതകളും ഈ നോവലിലെ വ്യത്യസ്തമായ സന്യാസസങ്കല്പനവും നവോത്ഥാനപരവും തത്വചിന്താപരവുമായ നിലപാടുകളും ആഴത്തിൽ നിർദ്ധാരണം ചെയ്യുവാൻ വിമർശകൻ ശ്രദ്ധിച്ചിട്ടുണ്ട്.

വൈക്കം മുഹമ്മദ് ബഷീറിന്റെ നോവലുകൾ മുന്നോട്ടുവെക്കുന്ന ആധുനികമായ ജീവിതവീക്ഷണത്തെ വിശകലനവിധേയമാക്കുന്ന 'ബഷീറിന്റെ അപരിഷ്കൃതശബ്ദങ്ങൾ' എന്ന ലേഖനം പ്രദീപൻ പാമ്പിരിക്കുന്നിന്റെ വിമർശനസമീപനത്തിന്റെ മികച്ചമാതൃകയാണ്. ബഷീറിന്റെ ഭാഷയെ ആഴത്തിൽ പരിശോധിക്കുന്നുണ്ട് വിമർശകൻ. "ഒരു ആധുനികകുടുംബത്തിന്റെ ഏകാന്തവും സ്വച്ഛവുമായ ഘടനയിലേക്കു സഞ്ചരിക്കുന്ന ഭാഷാഘടനയല്ല ബഷീറിന്റേത്. അത് കാർഷികസാമൂഹികജീവിതം അവരുടെ വാമൊഴിയോടൊപ്പം കരുതിപ്പോന്ന കേൾവിസംസ്കാരത്തിന്റെ ഭാഗമാണ്. "8 ബഷീറിന്റെ ഭാഷയിലെ ശബ്ദങ്ങൾക്ക് കൈവരുന്ന പ്രാധാന്യത്തെ ഭാഷാവ്യവസ്ഥയുടെ ലോകവും വാമൊഴിയുടെ ലോകവുമായുള്ള സംഘർഷം എന്ന രീതിയിൽ പഠിക്കുവാനും നിരൂപകൻ തയ്യാറായിട്ടുണ്ട്. 'ശബ്ദങ്ങൾ', ന്റുപ്പൂപ്പായ്ക്കൊരാനേണ്ടാർന്നു', 'സ്ഥലത്തെ പ്രധാന ദിവ്യൻ ', 'പ്രേമലേഖനം' എന്നീ കൃതികളെ മുൻനിർത്തി ബഷീർസാഹിത്യത്തിൽ അന്തർധാരയായി കടന്നുവരുന്ന് ഗോത്രജീവിതത്തിന്റെയും പ്രാദേശികജീവിതത്തിന്റെയും ആധുനികജീവിതത്തിന്റെയും അരികു ശബ്ദങ്ങളെ വീണ്ടെടുത്തുകാട്ടുകയാണ് ഈ പഠനത്തിലൂടെ പ്രദീപൻ പാമ്പിരിക്കുന്ന് ചെയ്യുന്നത്. വംശത്തെ അഭിസംബോധന ചെയ്യുന്ന ബഷീർശൈലിയും സംഭാഷണപ്രധാനമായ ഭാഷാശൈലിയും രാഷ്ട്രീയബോധത്തോടെ ഈ പഠനത്തിൽ വിലയിരുത്തപ്പെടുന്നുണ്ട്.

തകഴിയുടെ 'രണ്ടിടങ്ങഴി' യെ അധികരിച്ച് പ്രദീപൻ പാമ്പിരിക്കുന്ന് എഴുതിയ 'രണ്ടിടങ്ങഴിയുടെ ലാവണ്യശാസ്ത്രം' എന്ന പഠനം ദലിത്‌വിമർശനത്തിന്റെ സഞ്ചാരപഥങ്ങളറിയാൻ സഹായകമായ ഈടുറ്റ രചനയാണ്. വർഗസംഘർഷത്തിന്റെ അടിസ്ഥാനത്തിൽ ഈ നോവലിനെ പഠിക്കുന്ന പരമ്പരാഗതരീതിയോടുള്ള വിയോജിപ്പ് നിരൂപകൻ ഇതിൽ തുറന്നു രേഖപ്പെടുത്തുന്നുണ്ട്. രണ്ടിടങ്ങഴിയുടെ ഭാഷാഘടനയും കഥാപാത്രനിർമിതിയും സാമൂഹികജീവിതചിത്രീകരണവും വിശദമായി വിമർശകൻ പഠിക്കുന്നുണ്ട്. ജാതിസ്വത്വം നേരിടുന്ന പ്രശ്നങ്ങളേക്കാൾ വർഗസ്വത്വം നേരിടുന്ന പ്രശ്നങ്ങൾക്ക് പ്രാധാന്യം നൽകിയ രീതി ഇതിലൂടെ വിമർശനവിധേയമാവുന്നുണ്ട്. യജമാന-ഭൃത്യബന്ധങ്ങളുടെ ആദർശങ്ങളാണ് ഈ നോവലിന്റെ കാർഷികബന്ധത്തിന്റെ അടിസ്ഥാനമെന്നും അത് സ്വതന്ത്രനായ വ്യക്തിയെന്ന സാമൂഹ്യപദവിയെ ആദർശമായി സ്വീകരിക്കുന്നില്ലെന്നും വിമർശിച്ചുകൊണ്ട് രണ്ടിടങ്ങഴിയിലെ പ്രത്യയശാസ്ത്രത്തെ തുറന്നെതിർക്കുകയാണ് നിരൂപകൻ. സവർണജ്ഞാനവ്യവസ്ഥയോട് ഐക്യപ്പെടുന്ന നോവലായി 'രണ്ടിടങ്ങഴി'യെ അദ്ദേഹം അടയാളപ്പെടുത്തുന്നുമുണ്ട്. "ചുരുക്കത്തിൽ നാരായണഗുരുവിന്റെ അരുവിപ്പുറം പ്രതിഷ്ഠയോടെ കേരളീയ

പൊതുസമൂഹം പൊതുവിൽ സ്വീകരിച്ചിട്ടുള്ള നവോത്ഥാനശ്രമങ്ങളുണർത്തിവിട്ട ആശയങ്ങളെയോ , അയ്യങ്കാളിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസപരവും സാമൂഹികവുമായ മേഖലകളിൽ ദലിതർ നേടിയ അവബോധവികാസത്തെയോ രണ്ടിടങ്ങി പ്രതിനിധീകരിക്കുന്നില്ല. മറിച്ച് പറയരും പുലയരുമുൾപ്പെടെയുള്ള ചൂഷിതവർഗങ്ങളെ വ്യക്തിപരമായും വർഗപരമായും രാഷ്ട്രീയവത്കരിക്കുകയാണ് അത് ചെയ്യുന്നത്. അതിനാൽ സരസ്വതീവിജയത്തിൽ നിന്ന് ദലിത് അവബോധപരമായ വികാസം ചരിത്രപരമായി രണ്ടിടങ്ങഴിയിലെ ദലിതർ നേടുന്നുണ്ട് എന്ന് വിലയിരുത്താൻ കഴിയില്ല. "9 മാർക്സിസ്റ്റ് വിമർശനത്തിന് കണ്ടെത്തുവാൻ സാധിക്കാത്ത ഒരു വിമർശനവീക്ഷണമായി ഈ നിരീക്ഷണം മാറിത്തീരുന്നുണ്ട്. കൃതിയുടെ അധികാരഘടനയെ നിശിതമായി പരിശോധിച്ചും ചരിത്രവത്കരിച്ചുമാണ് തന്റെ കീഴാളപക്ഷ വായനയിൽ ഉരുത്തിരിഞ്ഞ ചിന്തകൾ പ്രദീപൻ പാമ്പിരിക്കുന്ന് സ്വരൂപിക്കുന്നത്. രണ്ടിടങ്ങഴിയുടെ പഠനം ഇതിന് നേർ തെളിവാകുന്നു.

ദലിതുഭാഷ, ദലിതർക്കെഴുതിയ സുവിശേഷം , പുറനാനൂറ് ഒരു പഠനം , ദലിത്സാഹിത്യം എന്നീ കൃതികളുടെ രചയിതാവെന്ന നിലയിൽ ശ്രദ്ധേയനായ കവിയൂർ മുരളിയുടെ നോവലായ 'അയ്യങ്കാളിപ്പട'യുടെ വിശദപഠനമാണ് 'അയ്യങ്കാളിപ്പട: ദലിത് സ്വത്വാവിഷ്കാരത്തിന്റെ ശക്തിയും പരിമിതിയും.' ഈ നോവലിന്റെ സാംസ്കാരിക പ്രതിരോധസ്വഭാവത്തിലേക്ക് വെളിച്ചം വീശുവാൻ പ്രദീപൻ പാമ്പിരിക്കുന്നിന് സാധിച്ചിട്ടുണ്ട്. നോവലിൽ പ്രകടമാകുന്ന ദലിത് ആത്മാവബോധം ആണ് പ്രധാന പരിഗണനാവിഷയമായി വിമർശകൻ കാണുന്നത്. ദലിത്ജീവിതം നേരിടുന്ന മുഖ്യസാമൂഹ്യപ്രശ്നങ്ങളെ സാമൂഹ്യമായി തിരിച്ചറിയുന്ന നോവലായിട്ടാണ് അയ്യങ്കാളിപ്പടയെ നിരൂപകൻ വിശേഷിപ്പിക്കുന്നത്. രചനാപരമായ സോദ്ദേശ്യസ്വഭാവവും മുഖ്യധാരാകൃതികളിൽനിന്നുള്ള സൗന്ദര്യശാസ്ത്രപരവും ജ്ഞാനശാസ്ത്രപരവുമായ വ്യത്യാസവും നിരൂപണപരിധിയിൽ ഉൾപ്പെടുന്നുണ്ട്. സാംസ്കാരികമായ അധിനിവേശപ്രക്രിയയെ ജാതിവ്യവസ്ഥയുമായി ചേർത്ത് പഠിക്കുന്നരീതി ഈ പഠനത്തിലും പ്രകടമാവുന്നുണ്ട്. അയ്യങ്കാളിയെ ചരിത്രവൽക്കരിക്കുവാൻ നോവലിൽ എപ്രകാരമാണ് ശ്രമിക്കുന്നത് എന്ന് വിശദമായ ഉദ്ധരണികളിലൂടെ വിമർശകൻ വ്യക്തമാക്കുന്നുണ്ട്. നോവലിന്റെ ശക്തി മാത്രമല്ല ദൗർബല്യവും ഈ പഠനത്തിൽ കൃത്യമായി വിമർശനവിധേയമാവുന്നുണ്ട്. "ദലിതർ ചരിത്രപരമായി നേരിട്ടിട്ടുള്ള ജാതീയവും സാമ്പത്തികവും സാമൂഹ്യവുമായ അവമതികളെ സാമുദായികമായ സംഘടിതബലംകൊണ്ട് നേരിടാൻ കഴിയുമെന്ന പ്രാഥമികപാഠമാണ് അയ്യങ്കാളിപ്പട നൽകുന്നത് സൂക്ഷ്മവിശകലനത്തിൽ സമുദായവത്കരണത്തിലൂടെയുള്ള ശാക്തികവികാസമെന്നത് ഒരു നവോത്ഥാനാശയമാണെങ്കിലും അത് ജാതിവിരുദ്ധതയിലൂന്നേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് നോവൽ പരാമർശിക്കുന്നില്ല. സവർണവ്യവസ്ഥയോട് സൈദ്ധാന്തികമായി സംവാദാത്മകമാവുന്ന ദാർശനികമാനം നോവൽ കൈവരിക്കുന്നില്ല."10 ദലിത് ജീവിതത്തിലൂന്നിയ സൗന്ദര്യവ്യവസ്ഥയെ വികസിപ്പിക്കുന്നതിലുള്ള അശ്രദ്ധയെയും നിരൂപകൻ വിമർശിക്കുന്നുണ്ട്. കീഴാളപക്ഷകൃതികളോടുപോലും കണിശമായി സംവദിക്കുന്ന രീതിയാണ് ഈ വിമർശകന്റേതെന്ന് സാക്ഷ്യപ്പെടുത്തുന്നുണ്ട് ഈ പഠനം.

ആനന്ദിന്റെ 'വ്യാസനും വിഘ്നേശ്വരനും ' എന്ന നോവലിനെ കുറിച്ചുള്ള ചെറുതെങ്കിലും അർത്ഥഗൗരവമാർന്ന പഠനമാണ് 'അറിവ്, അധികാരം, സ്വാതന്ത്ര്യം വ്യാഖ്യാനങ്ങളുടെ പുസ്തകം ' എന്ന ലേഖനം. അറിവും സംസ്കാരവും തമ്മിലുള്ള ബന്ധവും വിദ്യയാൽ വഞ്ചിക്കപ്പെട്ടവരുടെ ചരിത്രം

കൂടിയാണ് മനുഷ്യചരിത്രം എന്ന ആശയവും കൃത്യമായി വിശദീകരിക്കുന്ന പഠനമാണിത്. "കൃതിയും കാലവും എഴുത്തുകാരനും വായനക്കാരനും തമ്മിലുള്ള ബന്ധത്തെ വിശകലനം ചെയ്യുകയാണ് ഈ രണ്ടുഭാഗങ്ങളുള്ള നോവലിൽ ആനന്ദ് ചെയ്യുന്നത്. "11 ഈ നോവലിന്റെ കാലദർശനത്തെ ചരിത്രദൃഷ്ടിയിലൂടെ പഠിക്കുവാനും വിമർശകൻ ശ്രമിക്കുന്നുണ്ട്.

പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ 'സ്മാരകശിലകൾ' എന്ന നോവലിന്റെ ആഖ്യാനപരമായ പുതുമകളും മിത്തിക്കൽ ഘടനയും ഫ്യൂഡൽപുരുഷാധികാരബലതന്ത്രവും മാത്രമല്ല അഭാവങ്ങളും നിരൂപകൻ വിശദമായി വിലയിരുത്തിയിട്ടുണ്ട്. 'മീസാൻകല്ലിൽനിന്ന് സ്മാരകശിലയിലേക്കുള്ള ദൂരം ' എന്ന ലേഖനം ഇതിന് തെളിവാണ്. 'അന്യാധീനമായ രണ്ടിടങ്ങഴി' എന്ന ലേഖനം തകഴിയുടെ രണ്ടിടങ്ങഴിയുടെ വേറിട്ട മറ്റൊരു വായനയാണ്. മതപരിവർത്തനം മുഖ്യപ്രമേയമായ നോവലുകളെ കേന്ദ്രീകരിച്ച് നടത്തിയ പഠനമാണ് 'കാലം എന്ന വെളിച്ചം '. നവോത്ഥാനം, ഇംഗ്ലീഷും മാതൃഭാഷയും തുടങ്ങിയ ആശയങ്ങൾ ചർച്ചയ്ക്ക് വിധേയമാക്കിക്കൊണ്ട് സാംസ്കാരിക പരിണാമശ്രമങ്ങളെ ചിന്താപരമായി വിലയിരുത്തുകയാണ് പ്രദീപൻ പാമ്പിരിക്കുന്ന്. നാരായൻ എഴുതിയ 'കൊച്ചരേത്തി' എന്ന നോവലിനെ ശരിയായി വിലയിരുത്തുന്ന 'അപഹരിക്കപ്പെടുന്ന ജീവിതം ' എന്ന പഠനം മുൻകാലവിമർശനത്തിന് കാണാനാവാത്ത ആശയങ്ങളും നിരീക്ഷണങ്ങളുംകൊണ്ട് ശ്രദ്ധേയമാണ്.

സാമൂഹികവും സൈദ്ധാന്തികവുമായ വിശകലനപദ്ധതികളിലൂന്നിയ കീഴാളവിമർശനത്തിന്റെ സാധ്യതകൾ നോവൽ പഠനങ്ങളിലൂടെ ആരായുകയാണ് പ്രദീപൻ പാമ്പിരിക്കുന്ന് ചെയ്തത്. ജാതിചിന്തയുടെ പ്രശ്നവത്കരണം , നവോത്ഥാനാധുനികത, കീഴാളപക്ഷചരിത്രദർശനം തുടങ്ങിയവയിലൂന്നിയാണ് ഇദ്ദേഹം നോവലുകളെ വായിക്കുവാൻ ശ്രമിച്ചത്. സമകാലികചിന്താലോകത്തുനിന്നും ചരിത്രസന്ദർഭങ്ങളിൽനിന്നും മുൻകാലനോവൽ നിരൂപണങ്ങളിൽ നിന്നുമെല്ലാം അറിവുകൾ ശേഖരിക്കുകയും വൈകാരികതയേക്കാൾ വിചാരപരതയ്ക്ക് പ്രാധാന്യം നൽകുകയും ചെയ്യുന്ന ഒരു സമീപനരീതിയാണ് ഈ വിമർശകൻ നോവൽ പഠനത്തിൽ കൈക്കൊണ്ടിട്ടുള്ളത്. ഇത് അദ്ദേഹത്തിന്റെ നോവൽ പഠനങ്ങളുടെ പ്രാധാന്യവും പ്രസക്തിയും വർദ്ധിപ്പിക്കുന്നു. സാഹിത്യാസ്വാദനപ്രക്രിയ വൈയക്തികമായ കേവലാനുഭൂതിയുമായി ബന്ധപ്പെട്ട ഒന്നല്ലെന്ന് ഈ നോവൽ പഠനങ്ങളിലൂടെ പ്രത്യക്ഷമായും പരോക്ഷമായും സ്ഥാപിക്കുകയായിരുന്നു അദ്ദേഹം ചെയ്തത്. നോവലിന്റെ ആന്തരലോകത്തിലുള്ള രാഷ്ട്രീയമായ ചിന്താധാരകളെയും സങ്കീർണ്ണതകളെയും കൃത്യമായി അഭിമുഖീകരിക്കാൻ പ്രദീപൻ പാമ്പിരിക്കുന്നിന് കഴിഞ്ഞിട്ടുണ്ട്. ഭാഷയുടെ സൗന്ദര്യം , പ്രമേയത്തിന്റെ പ്രസക്തി , കഥാപാത്രങ്ങളുടെ സ്വഭാവം എന്നിങ്ങനെയുള്ള കാര്യങ്ങൾക്ക് അമിതപ്രാധാന്യം നൽകുന്ന സാമ്പ്രദായികനോവൽ പഠനങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമായാണ് ഇദ്ദേഹത്തിന്റെ നോവൽ വായനകൾ നിലകൊള്ളുന്നത്. മലയാളനോവൽ വിമർശനത്തിന്റെ മുന്നോട്ടുള്ള ഗതിക്ക് ഈ പഠനങ്ങൾ തീർച്ചയായും മുതൽക്കൂട്ടാകും.

**അടിക്കുറിപ്പുകൾ**

1. സുനിൽ, പി.ഇളയിടം, കെ.എം. അനിൽ, പ്രദീപൻ പാമ്പിരിക്കുന്നിന്റെ ലേഖനങ്ങൾ സമാഹരണം, ആമുഖം, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ, സെപ്റ്റംബർ 2020, പു.17

2. പ്രദീപൻ പാമ്പിരിക്കുന്ന്, 'സരസ്വതീ വിജയവും നിരൂപണത്തിന്റെ പ്രത്യയശാസ്ത്രവും', പ്രദീപൻ പാമ്പിരിക്കുന്നിന്റെ ലേഖനങ്ങൾ, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ, സെപ്റ്റംബർ 2020, പുറം.49

3. ---------. പു.51.

4. പ്രദീപൻ പാമ്പിരിക്കുന്ന്, 'അബോധകാമനകളുടെ അജ്ഞാതദേശങ്ങൾ', പ്രദീപൻ പാമ്പിരിക്കുന്നിന്റെ ലേഖനങ്ങൾ, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ, സെപ്റ്റംബർ 2020, പു.54

5. -------. പു.54

6. -------. പു.63

7. -------. പു.71

8. -------. പു.75

9. -------. പു.96

10. -------. പു.118

11. -------. പു.124

## സഹായകഗ്രന്ഥങ്ങൾ

1. പ്രദീപ്തസ്മരണകൾ ഓർമ്മപ്പുസ്തകം, സോമൻ കടലൂർ, ഗുലാബ്ജാൻ (എഡി.), കോഴിക്കോട്: പ്രോഗ്രസ് പബ്ലിക്കേഷൻ, 2017.

2. പ്രദീപൻ പാമ്പിരിക്കുന്നിന്റെ ലേഖനങ്ങൾ സമാഹരണം, ആമുഖം, സുനിൽ പി.ഇളയിടം, കെ.എം. അനിൽ, തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, സെപ്റ്റംബർ 2020.

3. രാജശേഖരൻ, പി.കെ. ഏകാന്തനഗരങ്ങൾ, കോട്ടയം: ഡി.സി ബുക്സ്, 2006.

4. മലയാളം റിസർച്ച് ജേർണൽ, വോള്യം 3 ലക്കം 2, മെയ് 2010, ബെഞ്ചമിൻ ബെയ്‌ലി ഫൗണ്ടേഷൻ, കോട്ടയം.